**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 270** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഏത് രജിസ്ട്രാർ ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ ഓഫീസുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാനുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 3 രജിസ്ട്രേഷൻ കോംപ്ലക്സുകൾക്കും 48 സബ് രജിസ്ട്രാർ ഓഫീസുകൾക്കും ഒരു സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിക്കുമാണ് അനുമതി നൽകിയിട്ടുള്ളത്. അതിൽ 45 സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണവും ഒരു സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികളും പൂർത്തിയാവുകയും ഓഫീസുകൾ പുതിയ കെട്ടിടങ്ങളിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് രജിസ്ട്രേഷൻ കോംപ്ലക്സുകളുടെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരത്തെ നേമം രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണം അവസാനഘട്ടത്തിലും 3 സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണ നടപടികൾ നടന്നു വരികയും ചെയ്യുന്നു. |
| (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ നിന്നുള്ള വരുമാനം സംബന്ധിച്ച വിശദവിവരം അറിയിക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ 5219.34 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (സി) | ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ കൃത്രിമത്വം ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | 1908-ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 32A പ്രകാരം ആധാരം ഹാജരാക്കുമ്പോൾ വാങ്ങുന്ന ആളുടെയും, വിൽക്കുന്ന ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോയും വിരൽപതിപ്പും ആധാരത്തിൽ പതിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 72, 72A എന്നിവ പ്രകാരം ആധാരം ഹാജരാക്കുന്നവരുടെ അനന്യത (Identity) പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ആധാരമാതൃകകൾ ലളിതവൽക്കരിച്ച് കൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുന്നതിനാവശ്യമായ വെബ് |

| | | | |
|---|---|---|---|
| | | | ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ് എന്നിവ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വസ്തു കൈമാറ്റം സംബന്ധിച്ച ആധാരങ്ങളിൽ കക്ഷികളെ തിരിച്ചറിയുന്നതിന് Consent based Aadhaar Authentication ഉൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ള നടപടികൾ നടന്നു വരുകയാണ്. |
| (ഡി) | ഒരു ജില്ലക്കാർക്ക് ജില്ലയിലെ ഏത് രജിസ്ട്രാർ ഓഫീസിലും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | ഉണ്ട്. 30.10.2020 തീയതിയിലെ G.O.(P)No. 146/2020/ടാക്സസ് നമ്പർ വിജ്ഞാപന പ്രകാരം ജില്ലയിലെ ഏത് ഓഫീസിലും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | സംസ്ഥാനത്തെവിടെയും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ? | (ഇ) | സംസ്ഥാനത്തെവിടെയും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | 2021 | 2022 | 2023 | 2024 | 3/3/2025 വരെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1400 | 1628 | 1571 | 1618 | 262 |
| 2 | കൊല്ലം | 732 | 589 | 637 | 666 | 125 |
| 3 | പത്തനംതിട്ട | 230 | 487 | 436 | 402 | 63 |
| 4 | ആലപ്പുഴ | 354 | 515 | 643 | 605 | 113 |
| 5 | കോട്ടയം | 454 | 661 | 746 | 968 | 171 |
| 6 | ഇടുക്കി | 225 | 296 | 343 | 450 | 82 |
| 7 | എറണാകുളം | 629 | 1384 | 1523 | 1482 | 263 |
| 8 | തൃശ്ശൂർ | 337 | 803 | 978 | 748 | 138 |
| 9 | പാലക്കാട് | 361 | 623 | 439 | 439 | 78 |
| 10 | മലപ്പുറം | 1530 | 2646 | 2162 | 1982 | 376 |
| 11 | കോഴിക്കോട് | 731 | 1168 | 1060 | 1039 | 189 |
| 12 | വയനാട് | 207 | 400 | 314 | 279 | 44 |
| 13 | കണ്ണൂർ | 1646 | 2247 | 1963 | 1950 | 349 |
| 14 | കാസർഗോഡ് | 584 | 1340 | 1403 | 1498 | 231 |
| | ആകെ | **9420** | **14787** | **14218** | **14126** | **2484** |

**സെക്ഷൻ ഓഫീസർ**